# പതിമൂന്നാം കേരളനിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 61** | **07/02/2013 ൽ മറുപടിക്ക്**

## മരുന്നുകൾ രോഗികളുടെ വീട്ടിലെത്തിക്കുന്ന പദ്ധതി

**ചോദ്യം**

ശ്രീ. ആർ. സെൽവരാജ്
ശ്രീ. വർക്കല കഹാർ
ശ്രീ. അൻവർ സാദത്ത്
ശ്രീ. പി. എ. മാധവൻ

**മറുപടി**

വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മരുന്നുകൾ രോഗികളുടെ വീട്ടിലെത്തിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. തിരുവനന്തപുരം കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ നിന്നും മരുന്നുകൾ വീട്ടിലെത്തിക്കുന്ന കാരുണ്യ മെഡിസിൻ കാർഡ് പദ്ധതി 01.11.2012 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ആരുടെ ആഭിമുഖ്യത്തിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) & (സി) | ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ കീഴിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. തിരുവനന്തപുരം സിറ്റിയിൽ പൈലറ്റ് പ്രോജക്റ്റ് ആയി വീടുകളിൽ മരുന്ന് എത്തിക്കുന്ന കാരുണ്യ ഫാമിലി മെഡിസിൻ കാർഡ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം 2500 രൂപ മുൻകൂർ അടയ്ക്കുന്നവർക്ക് സ്ഥിരമായി ഉപയോഗിക്കുന്ന മരുന്നുകൾ, തുച്ഛമായ കൊറിയർ ചാർജ് മാത്രം ഈടാക്കി വീടുകളിൽ എത്തിച്ചു കൊടുക്കുന്നതാണ്. കൂടാതെ 2% അധിക കിഴിവും ലഭിക്കുന്നതാണ് (1% ഡിസ്കൗണ്ടും 1% ബോണസ് പോയിന്റും). പ്രത്യേക ഊഷ്മാവിൽ സൂക്ഷിക്കുന്ന ഇൻസുലിൻ ഉൾപ്പടെയുള്ള മരുന്നുകളും ഇത്തരത്തിൽ വീടുകളിൽ എത്തിക്കുന്നതാണ്. ബോണസ് പോയിന്റുകൾ 250 |
| (സി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ്; വിശദമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | ആകുമ്പോൾ അടുത്ത ബില്ലിൽ 200 രൂപയുടെ കിഴിവ് ലഭിക്കുന്നതാണ്. കാർഡിൽ തുക തീരുന്ന മുറയ്ക്ക് 1000 രൂപയുടെ ഗുണിതങ്ങളായി റീചാർജ്ജ് ചെയ്യാവുന്നതാണ്. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഫാമിലി കാർഡും ഡിസ്കൗണ്ട് കം ലോയൽറ്റി കാർഡും വിതരണം ചെയ്യുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം; | (ഡി) | തിരുവനന്തപുരം സിറ്റിയിൽ പദ്ധതിയുടെ ഭാഗമായി ഫാമിലി മെഡിസിൻ കാർഡും ലോയൽറ്റി കാർഡും വിതരണം ചെയ്തിട്ടുണ്ട്. ലോയൽറ്റി ഡിസ്കൗണ്ട് കാർഡ് ലഭിക്കുന്നതിനായി 50 രൂപ അടയ്ക്കേണ്ടതാണ്. ഈ കാർഡ് ഉപയോഗിച്ച് ഔട്ട് ലെറ്റിൽ നിന്നും മരുന്നുകൾ വാങ്ങുമ്പോൾ രണ്ടുശതമാനം അധിക കിഴിവും ലഭിക്കുന്നതാണ് (1% ഡിസ്കൗണ്ടും 1% ബോണസ് പോയിന്റും). ഉടൻ തന്നെ തിരുവനന്തപുരം ജില്ല മുഴുവനായും അതു കൂടാതെ എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലും ഈ പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ